# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പള്ളിക്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ എം പി എം 26/539/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 24/05/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പള്ളിക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ എം പി എം 26/539/2022 തീയ്യതി: 24/05/2022

## മലപ്പുറം ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-08-2019 മുതൽ 05-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-02-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 07-02-2022 | 23-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-02-2022 | 23-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുള്ള എ.സി., ഓഡിറ്റ് ഓഫീസർ

ശ്രീ. മുഹമ്മദ് ഫസലുറഹ്മാൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. അബ്ദുൾസലാം.പി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ഹസ്ന.വി.സി., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി പറമ്പൻ മിഥുന | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ജോൺ ടി | സെക്രട്ടറി | 01-04-2019 | 14-07-2019 |
| ശ്രീമതി ഉഷാ കുമാരി എൻ എൻ | സെക്രട്ടറി | 15-07-2019 | 19-01-2020 |
| ശ്രീ ഉമ്മർ കോയ കോഴിക്കോടൻ | സെക്രട്ടറി ഇൻ ചാർജ് | 20-01-2020 | 24-02-2020 |
| ശ്രീ മുഹമ്മദ് ഫൈസൽ എം | സെക്രട്ടറി ഇൻ ചാർജ് | 25-02-2020 | 08-03-2020 |
| ശ്രീ സലീഷ് എ | സെക്രട്ടറി ഇൻ ചാർജ് | 09-03-2020 | 31-03-2020 |
| ശ്രീ റോയ് കെ മാത്യു | അസി.സെക്രട്ടറി | 01-04-2019 | 26-07-2019 |
| ശ്രീമതി ബിന്ദു മണ്ണിങ്ങപ്പള്ളിയാളി | അസി.സെക്രട്ടറി ഇൻ ചാർജ് | 27-07-2019 | 29-07-2019 |
| ശ്രീ ഉമ്മർ കോയ കോഴിക്കോടൻ | അസി.സെക്രട്ടറി ഇൻ ചാർജ് | 30-07-2019 | 24-02-2020 |
| ശ്രീ മുഹമ്മദ് ഫൈസൽ എം | അസി.സെക്രട്ടറി ഇൻ ചാർജ് | 25-02-2020 | 08-03-2020 |
| ശ്രീ സലീഷ് എ | അസി.സെക്രട്ടറി ഇൻ ചാർജ് | 09-03-2020 | 16-03-2020 |
| ശ്രീമതി ജയതി നാരായണൻ | അസി.സെക്രട്ടറി ഇൻ ചാർജ് | 17-03-2020 | 31-03-2020 |
| ശ്രീമതി ലെയ അശോക് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 03-01-2020 |
| ശ്രീമതി സോണി | അസിസ്റ്റന്റ് എഞ്ചിനിയർ ഇൻ ചാർജ് | 04-01-2020 | 05-02-2020 |
| ശ്രീമതി മീരമോൾ ടി എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 06-02-2020 | 31-03-2020 |
| ശ്രീമതി ജനീഷ പി അഹമ്മദ് | വെറ്ററിനറി സർജൻ | 01-04-2019 | 25-09-2019 |
| ശ്രീ മധുസൂദനൻ സി എസ് | വെറ്ററിനറി സർജൻ | 26-09-2019 | 31-03-2020 |
| ശ്രീമതി സുരയ്യ ഇ | മെഡിക്കൽ ഓഫീസർ (അലോപതി) | 01-04-2019 | 20-11-2019 |
| ശ്രീ ഷാജി അറക്കൽ | മെഡിക്കൽ ഓഫീസർ (അലോപതി) | 21-11-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ ഷൈജു പി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി ജയശ്രീ പി കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ വിനോദ് കുമാർ കെ പി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ സന്തോഷ് കുമാർ | ഹെഡ് മാസ്റ്റർ | 01-04-2019 | 04-06-2019 |
| ശ്രീമതി പങ്കജവല്ലി കെ | ഹെഡ് മിസ്ട്രസ് | 05-06-2019 | 31-03-2020 |

# ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Husna (Auditor, On 08-02-2022)<br>Last Updated By: Husna (Auditor, On 12-02-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Husna (Auditor, On 08-02-2022)<br>Last Updated By: Husna (Auditor, On 12-02-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം.<br>Written By: Husna (Auditor, On 08-02-2022)<br>Last Updated By: Husna (Auditor, On 12-02-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Husna (Auditor, On 08-02-2022)<br>Last Updated By: Husna (Auditor, On 23-02-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Husna (Auditor, On 08-02-2022)<br>Last Updated By: Husna (Auditor, On 23-02-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Husna (Auditor, On 08-02-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Husna (Auditor, On 14-02-2022)<br>Last Updated By: Husna (Auditor, On 23-02-2022) | 1-7 |
| 8 | ക്യാഷ് പരിശോധന.<br>Written By: Husna (Auditor, On 14-02-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: A.C.Abdulla (Audit Officer, On 23-02-2022)<br>Last Updated By: A.C.Abdulla (Audit Officer, On 27-02-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Husna (Auditor, On 14-02-2022)<br>Last Updated By: Husna (Auditor, On 23-02-2022) | 1-10 |
| 11 | വാർഷിക കണക്ക് പരിശോധന<br>Written By: Abdul Salam.P (Senior Grade Auditor, On 22-02-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-11 |
| 12 | ഗ്രാന്റ് പത്രിക പരിശോധന<br>Written By: Abdul Salam.P (Senior Grade Auditor, On 25-02-2022)<br>Last Updated By: Abdul Salam.P (Senior Grade Auditor, On 25-02-2022) | 1-11-1 |
| 13 | അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്<br>Written By: Husna (Auditor, On 24-02-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-12 |
| 14 | അംഗൻവാടി പോഷകാഹാരം - ന്യൂട്രിമിക്സ് - ജി എസ് ടി - ടി ഡി എസ് ഈടാക്കിയില്ല<br>Written By: Abdul Salam.P (Senior Grade Auditor, On 25-02-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-13 |
| 15 | പകൽ വീട് പ്രവർത്തന സജ്ജമായില്ല – ഫർണിച്ചർ ഉപയോഗിച്ചില്ല<br>Written By: Abdul Salam.P (Senior Grade Auditor, On 25-02-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-14 |
| 16 | കമ്പ്യൂട്ടർ - പ്രിന്റർ വാങ്ങൽ - പ്രൊജക്ട് ലക്ഷ്യം പൂർത്തീകരിച്ചില്ല<br>Written By: A.C.Abdulla (Audit Officer, On 25-02-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-15 |

| | | |
|---|---|---|
| 17 | തെറ്റായ ഒബ്സർവ്ഡ് ഡാറ്റ പ്രകാരം ഷീറ്റ് റൂഫിംഗ് പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി – അധികച്ചെലവ്.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 27-02-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-16 |
| 18 | കോഴിപ്പുറം അംഗൻവാടി പുനരുദ്ധാരണം. ( 220/20 )<br>Written By: Muhammed Fasalurahman (Asst. Audit Officer, On 27-02-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-16-1 |
| 19 | കൈതക്കോട് അംഗൻവാടി പുനരുദ്ധാരണം. ( 220/20 )<br>Written By: Muhammed Fasalurahman (Asst. Audit Officer, On 27-02-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-16-2 |
| 20 | കാരക്കാട്ട്പറമ്പ അംഗൻവാടി പുനരുദ്ധാരണം. ( 193/20 )<br>Written By: Muhammed Fasalurahman (Asst. Audit Officer, On 27-02-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-16-3 |
| 21 | സബ്സിഡി മാർഗ്ഗരേഖ പാലിക്കാതെ കുടിവെള്ള പദ്ധതികൾ നടപ്പാക്കി<br>Written By: Muhammed Fasalurahman (Asst. Audit Officer, On 27-02-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-17 |
| 22 | ചോലാട്ട്ക്കുഴി എസ്.സി കുടിവെള്ള പദ്ധതി ( 198/20)<br>Written By: Muhammed Fasalurahman (Asst. Audit Officer, On 27-02-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-17-1 |
| 23 | ചോലമാട് ഒറുവിൽ എസ്.സി കുടിവെള്ള പദ്ധതി ( 229/20)<br>Written By: Muhammed Fasalurahman (Asst. Audit Officer, On 27-02-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-17-2 |
| 24 | നെട്ടുംകളരി കുടിവെള്ള പദ്ധതി ( 197/20)<br>Written By: Muhammed Fasalurahman (Asst. Audit Officer, On 27-02-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-17-3 |
| 25 | കാപപറമ്പ് എസ്.സി കുടിവെള്ള പദ്ധതി ( 216/20)<br>Written By: Muhammed Fasalurahman (Asst. Audit Officer, On 27-02-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-17-4 |
| 26 | ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ അടച്ചില്ല<br>Written By: Muhammed Fasalurahman (Asst. Audit Officer, On 27-02-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-18 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Husna (Auditor, On 14-02-2022)<br>Last Updated By: Husna (Auditor, On 14-02-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Husna (Auditor, On 14-02-2022)<br>Last Updated By: Husna (Auditor, On 04-03-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Husna (Auditor, On 14-02-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Husna (Auditor, On 14-02-2022)<br>Last Updated By: Husna (Auditor, On 14-02-2022) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: Husna (Auditor, On 14-02-2022)<br>Last Updated By: Husna (Auditor, On 14-02-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Husna (Auditor, On 14-02-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| | Written By: Husna (Auditor, On 14-02-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Husna (Auditor, On 14-02-2022)<br>Last Updated By: Husna (Auditor, On 14-02-2022) | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം.<br>Written By: Husna (Auditor, On 14-02-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Husna (Auditor, On 14-02-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Husna (Auditor, On 14-02-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസ്സാക്കിയ നമ്പർ/തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(1) 16.02.2019 | 27 തിയതി 29.02.2020 |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31 .07.2020 | 28.04.2020 |

### 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 41966161 |
| വരവ് | 79610794 |
| ആകെ | 121576955 |
| ചെലവ് | 72397221 |
| നീക്കിയിരിപ്പ് | 49179734 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 15924187 | 1592487 | 11059440 | 4864747 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 10600176 | 10600176 | 5662164 | 4938012 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 304000 | 304000 | 0 | 304000 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 13023000 | 13023000 | 4524547 | 8498453 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 4984000 | 4984000 | 2937173 | 2046827 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺ ടൈഡ്) | 0 | 12724137 | 12724137 | 4084706 | 8639431 |
| ബി ഫണ്ട് | 0 | 17323280 | 17323280 | 17323280 | 0 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ % |
|---|---|---|---|---|---|---|
| 226 | 130890942 | 121 | 56074623 | 2 | 103 | 53.53 |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 46403 | 1140729 | 1187132 | 1119668 | 67464 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 25000605 | 25000605 | 25000605 | 0 |

### 1-7 ക്ഷേമ പദ്ധതികൾ

| ഇനം | ചെലവഴിച്ച തുക | ഗുണഭോക്താക്കൾ (എണ്ണം) |
|---|---|---|
| തൊഴിൽരഹിത വേതനം | 181680 | 108 |
| കർഷകതൊഴിലാളി പെൻഷൻ | 918000 | 243 |
| വിധവാപെൻഷൻ | 4906800 | 1389 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 8513100 | 2442 |
| ഭിന്നശേഷി പെൻഷൻ | 2013100 | 595 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 111600 | 31 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 120000 | 4 |

## 1-8 ക്യാഷ് പരിശോധന.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.02.2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. കളക്ഷൻ തുക അതാത് ദിവസം തന്നെ അടവാക്കിയിരുന്നതിനാൽ പരിശോധനയിൽ ക്യാഷ് ബാലൻസ്/നീക്കിയിരിപ്പ് ഒന്നും തന്നെയില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

1 സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല.
2 സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ, വാട്ടർ ടാപ്പ് രജിസ്റ്റർ എന്നിവ പൂർത്തിയാക്കിയിട്ടില്ല.
3 അസിസ്റ്റന്റ് എഞ്ചിനിയർ പ്രൊജക്റ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.
4. മാന്വൽ രസീതുബുക്ക് ഉപയോഗത്തിൽ കൃത്യമായ സൂപ്പർവിഷൻ നടക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.01.2022-13.01.2022 | 05/21-12/21 | 13.01.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.08.2019 മുതൽ 30.08.2019 വരെ | 2014-15 മുതൽ 2018-19 വരെ | 30.09.2019 |

## 1-11 വാർഷിക കണക്ക് പരിശോധന

1. ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2. ബാങ്ക് ബുക്ക് ദിനം പ്രതി പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 57, 58)
3. പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ (2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 62) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 19/19-20 തി. 15.02.2022) ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിക്കുന്നതാണ് എന്നറിയിച്ചു.

### 1-11-1 ഗ്രാന്റ് പത്രിക പരിശോധന

1. വികസന ഫണ്ട് ജനറൽ ഇനത്തിലെ ചെലവ് തുക ഗ്രാന്റ് പത്രിക പ്രകാരം 11777772 രൂപയാണ്. എന്നാൽ എ.സി.ആർ / എ.എഫ്.എസ് എന്നിവ പ്രകാരം ആയത് 11059440 രൂപ.
2. വികസന ഫണ്ട് എസ്.സി.പി ഇനത്തിലെ ചെലവ് തുക ഗ്രാന്റ് പത്രിക പ്രകാരം 5720988 രൂപയാണ്. എന്നാൽ എ.സി.ആർ / എ.എഫ്.എസ് എന്നിവ പ്രകാരം ആയത് 5662164 രൂപ.

## 1-12 അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്

ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച അന്തിമ വിജ്ഞാപന (നം. A1/6220/11 തിയതി. 02.01.2012) പ്രകാരം 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 50 രൂപയും, 100 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 30 രൂപയുമാണ് അടിസ്ഥാന വസ്തുനികുതിയായി നിശ്ചയിച്ചിട്ടുള്ളത്. 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 100 ച.മീറ്ററിന് താഴെ വിസ്തീർണ്ണമുള്ള വ്യത്യസ്ത മുറികളാക്കി വ്യത്യസ്ത നമ്പറുകൾ നൽകുമ്പോഴും കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം കണക്കിലെടുത്ത് 50 രൂപ നിരക്കിൽ തന്നെയാണ് ഗ്രാമപഞ്ചായത്ത് നികുതികൾ നിർണ്ണയിക്കുന്നതും ഈടാക്കുന്നതും.

എന്നാൽ പഞ്ചായത്ത് പരിധിയിലെ കപ്പേക്കാട്ട് ഷംസുദ്ധീൻ എന്ന വ്യക്തിയുടെ നമ്പർ അനുവദിച്ച കെട്ടിടത്തിന്റെ ഫയൽ പരിശോധിച്ചതിൽ അടിസ്ഥാന വസ്തുനികുതി കണക്കാക്കിയതിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ

ചേർക്കുന്നു.

| | |
|---|---|
| പെർമിറ്റ് നം. | 396/15-16 Dtd 19-11-16 |
| സർവ്വേ നം | BL 11-434/1 |
| കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം | 259.10 M2 (21.99* 5+ 2983*5) |
| അനുവദിച്ച കെട്ടിട നമ്പർ | 296 A മുതൽ J വരെ |
| ഈടാക്കിയ അടിസ്ഥാന വസ്തു നികുതി | 30 രൂപ |
| ഈടാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തു നികുതി | 50 രൂപ |
| നികുതി പ്രാബല്യ തിയതി | 01-04-2019 |

അടിസ്ഥാന വസ്തു നികുതി കുറവായി നിർണ്ണയിച്ചതിനു വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/17-02-22)ന് അപാകത ബോധ്യപ്പെട്ടതിനാൽ മേൽ കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയിക്കുകയും ആയത് പ്രകാരമുള്ള കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുടിശ്ശിക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 അംഗൻവാടി പോഷകാഹാരം - ന്യൂട്രിമിക്സ് - ജി എസ് ടി - ടി ഡി എസ് ഈടാക്കിയില്ല

നിർവഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രൊജക്ട് നമ്പർ, പേര് : 18/20, അങ്കണവാടികൾക്ക് അനുപൂരക പോഷകാഹാരം

അടങ്കൽ : 5500000

തുക : 5500000 (വികസന ഫണ്ട് ജനറൽ - 860000, കേന്ദ്രാവിഷ്കൃത ഫണ്ട് - 4640000)

മേൽ പ്രോജക്ട് പ്രകാരം ന്യൂട്രിമിക്സ് വാങ്ങൽ, മാവേലി സ്റ്റോർ ഭക്ഷ്യധാന്യം വാങ്ങൽ, കടത്ത് കൂലി നൽകൽ, അംഗൻവാടി കണ്ടിജന്റ് ചെലവുകൾ എന്നിവക്ക് ചെലവഴിച്ച തുകകളിൽ ചുവടെ ചേർക്കുന്ന ബില്ലുകൾ പ്രകാരം ആരോഗ്യ പ്രിയ ന്യൂട്രിമിക്സ്, കമ്മിണിപ്പറമ്പ് എന്ന സ്ഥാപനത്തിൽ നിന്ന് ന്യൂട്രിമിക്സ് വാങ്ങിയതിന് 22,06,100 രൂപ ചെലവഴിച്ചിട്ടുണ്ട്. നികുതി ഒഴികെയുള്ള പർച്ചേസ് തുക 2,50,000 രൂപയിൽ അധികരിക്കുമ്പോൾ 2% ജി എസ് ടി - ടി ഡി എസ് പിടിക്കേണ്ടതാണ്. എന്നാൽ മേൽ ബില്ലുകൾക്ക് പേയ്മെന്റ് നടത്തിയപ്പോൾ ജി എസ് ടി - ടി ഡി എസ് ഈടാക്കിയിട്ടില്ല.

| ക്രമ നം | ഇൻവോയ്സ് നമ്പർ / തിയ്യതി | തുക | ജി എസ് ടി @ 5% | ഈടാക്കേണ്ടിയിരുന്ന ജി എസ് ടി - ടി ഡി എസ് 2% | ബിൽ ,വൗച്ചർ, ചെക്ക് നമ്പർ/തിയ്യതി |
|---|---|---|---|---|---|
| 1 | 43/03.04.2019 | 174300 | 8714 | 3486 | 175459/10.07.2019 |
| 2 | 06/13.05.2019 | 122850 | 6142 | 2457 | |
| 3 | 10/13.06.2019 | 159600 | 7980 | 3192 | |
| 4 | 14/04.07.2019 | 132300 | 6615 | 2646 | 4765764/22.08.2019 |
| 5 | 17/02.08.2019 | 184800 | 9240 | 3696 | |
| 6 | 20/03.09.2019 | 193200 | 9660 | 3864 | 4765771/18.10.2019 |
| 7 | 25/01.10.2019 | 202650 | 10132 | 4053 | |
| 8 | 29/03.11.2019 | 214200 | 10710 | 4284 | 4681/26.11.2019 |
| 9 | 34/02.12.2019 | 229950 | 11497 | 4599 | 4755/27.01.2020 |
| 10 | 37/10.01.2020 | 264600 | 13230 | 5292 | |
| 11 | 40/04.02.2020 | 222600 | 11130 | 4452 | 344167/13.03.2020 |
| ആകെ | | 2101050 | 105050 | 42021 | |

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 12/2019-20) ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനം ജി.എസ്.ടി തുക അടവാക്കിയിട്ടുണ്ട് എന്ന് വിശദീകരിച്ചു. 2021-22 വർഷത്തിൽ ടി.ഡി.എസ് ഈടാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. പർച്ചേസുകൾക്ക് തുക അനുവദിക്കുമ്പോൾ നിയമ പ്രകാരമുള്ള ഡിഡക്ഷനുകൾ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 പകൽ വീട് പ്രവർത്തന സജ്ജമായില്ല – ഫർണിച്ചർ ഉപയോഗിച്ചില്ല

വയോജന ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമ പഞ്ചായത്തിലെ പുളിയംപറമ്പ്, പള്ളിക്കൽ എന്നിവിടങ്ങളിൽ പകൽവീട് സ്ഥാപിച്ചിട്ടുണ്ട്. പുളിയംപറമ്പിൽ സ്വന്തം കെട്ടിടത്തിലും, പള്ളിക്കലിൽ വാടക കെട്ടിടത്തിലുമാണ് പകൽവീട് പ്രവർത്തിപ്പിക്കുന്നതിന് വിഭാവനം ചെയ്തത്. എന്നാൽ നാളിതുവരെ പകൽവീട് പ്രവർത്തന സജ്ജമായിട്ടില്ല.

2019-20 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി പകൽവീടിന് ഫർണിച്ചർ വാങ്ങുന്നതിന് പ്രൊജക്ട് നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നമ്പർ, പേര് : 24/20, പകൽവീടിന് ഫർണിച്ചർ

അടങ്കൽ : 150000

തുക : 150000 (വികസന ഫണ്ട് ജനറൽ)

ബിൽ നമ്പർ : 09/21.01.2020

മേൽ പ്രോജക്ട് പ്രകാരം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്ന് 150000 രൂപയുടെ ഫർണിച്ചർ വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നമ്പർ CLTBC 056/28.11.2019 – 60790 രൂപ, CLTBC 055/28.11.2019 – 89253 രൂപ) ഇത് പ്രകാരം ലഭ്യമായ ഫർണിച്ചറുകൾ ചുവടെ ചേർക്കുന്ന പകൽവീടിന് കൈമാറിയതായി ഫയലിൽ കാണുന്നു.

| ഐറ്റം | വാങ്ങിയ എണ്ണം | വിതരണം | |
|---|---|---|---|
| | | പുളിയംപറമ്പ് പകൽവീട് (എണ്ണം) | പള്ളിക്കലിൽ പകൽവീട് (എണ്ണം) |
| സ്റ്റീൽ അലാര 78"x36"x19" | 2 | 1 | 1 |
| സ്റ്റീൽ ടേബിൾ 48"x24"x30" | 2 | 1 | 1 |
| സ്റ്റീൽ റീഡിംഗ് ടേബിൾ48x24x30 | 4 | 4 | - |
| സ്റ്റീൽ ബാക്ക് റെസ്റ്റ് ബെഞ്ച് | 4 | 4 | - |
| സ്റ്റീൽ കോട്ട് 194x90 | 2 | 1 | 1 |
| ഫൈബർ ബെഡ് 6x4 | 2 | 1 | 1 |
| ഫൈബർ ആം ചെയർ | 43 | 23 | 20 |
| ടെലിവിഷൻ 32" സാംസംഗ് | 2 | 1 | 1 |
| ഇൻഡക്ഷൻ കുക്കർ | 2 | 1 | 1 |
| പ്ലാസ്റ്റിക്ക് ബക്കറ്റ് വിത്ത് ലിഡ് & മഗ് | 2 | 1 | 1 |
| സ്റ്റീൽ ചെമ്പ് വിത്ത് ലിഡ് | 2 | 1 | 1 |
| സ്റ്റീൽ മഗ് | 2 | 1 | 1 |
| സ്റ്റീൽ തവി | 2 | 1 | 1 |
| സ്റ്റീൽ പ്ലേറ്റ് | 20 | 10 | 10 |
| സ്റ്റീൽ ഗ്ലാസ്സ് | 60 | 35 | 25 |
| സ്റ്റീൽ സ്പൂൺ | 10 | 5 | 5 |

എന്നാൽ പകൽവീടുകൾ നാളിതുവരെ പ്രവർത്തന സജ്ജമല്ലാത്തതിനാൽ മേൽ ഫർണിച്ചറുകൾ ഉപയോഗിക്കാൻ കഴിയാതെ കിടക്കുകയാണ്. വാറണ്ടിയുള്ള സാധനങ്ങൾ ഉൾപ്പെടെ പർച്ചേസ് ചെയ്തതിനാൽ ഉപകരണങ്ങൾ പ്രവർത്തനക്ഷമമല്ലാതെ വാറണ്ടി കാലാവധി കഴിയുന്ന അവസ്ഥയാണ് നിലവിലുള്ളത്. ഓഡിറ്റിന്റെ ഭാഗമായി പുളിയംപറമ്പ് പകൽവീടിൽ സന്ദർശനം നടത്തി. പകൽവീട് നിലവിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന് വ്യക്തമായി. ടോയിലെറ്റ് സൗകര്യം പൂർണ്ണമായി ഒരുക്കിയിട്ടില്ല. സ്ഥാപനം അടഞ്ഞു കിടന്നിരുന്നതിനാൽ പർച്ചേസ് ചെയ്ത സാധനങ്ങൾ പരിശോധിക്കാനായിട്ടില്ല.

പകൽവീട് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട്

നൽകിയ ഓഡിറ്റ് എൻക്വയറിയെ (നമ്പർ 14/2019-20) തുടർന്ന് ഓഡിറ്റ് സമാപന മീറ്റിംഗിൽ പകൽവീട് ഉടൻ പ്രവർത്തന സജ്ജമാക്കുന്നതാണ് എന്ന് വിശദീകരിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. ചെലവ് തുക 150000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-15 കമ്പ്യൂട്ടർ - പ്രിന്റർ വാങ്ങൽ - പ്രൊജക്ട് ലക്ഷ്യം പൂർത്തീകരിച്ചില്ല

നിർവഹണം : ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

പ്രൊജക്ട് നമ്പർ, പേര് : 158/20, ഘടക സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ എന്നിവ വാങ്ങൽ

അടങ്കൽ തുക : 150000

തുക : 29452 (മെയിന്റനൻസ് ഫണ്ട് റോഡിതരം)

ബിൽ നമ്പർ : 26/26.02.2020

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 2019-20 വർഷത്തിൽ നടപ്പാക്കിയ മേൽ പ്രൊജക്ടിന്റെ ഭാഗമായി ഘടക സ്ഥാപനങ്ങളിൽ പ്രിന്റർ വാങ്ങുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്. കെൽട്രോണിന്റെ 21.01.2020 ലെ TVM/ITBG/PI/RC/14239/19-20 നമ്പർ പെർഫോർമ ഇൻവോയ്സ് പ്രകാരം 2 പ്രിന്റർ വാങ്ങുന്നതിന് തുക മുൻകൂർ നൽകി. പ്രിന്റർ ലഭ്യമായെങ്കിലും ഒറിജിനൽ ഇൻവോയ്സ് ലഭ്യമായിട്ടില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സേവനം മെച്ചപ്പെടുത്താൻ ഉദ്ദേശിച്ച് ഐ.സി.ഡി.എസ് സൂപ്പർവൈസർ, അസിസ്റ്റന്റ് എഞ്ചിനീയർ , വെറ്ററിനറി സർജൻ എന്നിവർക്ക് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനാണ് പ്രൊജക്ട് വിഭാവനം ചെയ്തത്.

എന്നാൽ ലഭ്യമായ 2 പ്രിന്ററുകൾ പഞ്ചായത്ത് ഓഫീസിൽ ഉപയോഗിക്കുകയാണെന്ന് സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് വ്യക്തമായി. ഘടക സ്ഥാപനങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങി നൽകാൻ വിഭാവനം ചെയ്ത പ്രൊജക്ട് ലക്ഷ്യം നിറവേറിയില്ല.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് വേണ്ടിയാണ് മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കേണ്ടത് എന്നിരിക്കേ മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് വാങ്ങിയ ഉപകരണങ്ങൾ ഗ്രാമ പഞ്ചായത്തിന്റെ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും ക്രമപ്രകാരമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15/2019-20) ഓഡിറ്റ് സമാപന മീറ്റിംഗിൽ ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ടവർക്ക് ഉപകരണങ്ങൾ കൈമാറുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. ചെലവ് തുക 29452 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-16 തെറ്റായ ഒബ്സർവ്ഡ് ഡാറ്റ പ്രകാരം ഷീറ്റ് റൂഫിംഗ് പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി – അധികച്ചെലവ്.

ഷീറ്റ് റൂഫിംഗ് പ്രവൃത്തിയിൽ 0.35 Mm GI ഷീറ്റ് റൂഫിംഗിനായി തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റയിൽ തെറ്റായ നിരക്ക് അനുവദിച്ച് നൽകിയത് മൂലം പഞ്ചായത്തിന് അധികച്ചെലവുണ്ടായി.

ഷീറ്റ് റൂഫിംഗ് പ്രവൃത്തികൾക്ക് DSR പ്രകാരം .35 Mm ഷീറ്റ് പ്രവൃത്തിക്ക് നിരക്ക് ലഭ്യമല്ലാത്തതിനാൽ ഗ്രാമ പഞ്ചായത്തിൽ ഉപയോഗിച്ച ഒബ്സർവ്ഡ് ഡാറ്റയിൽ ആവശ്യമായതിലും കൂടുതൽ അളവ് സാധനങ്ങൾ, ലേബർ എന്നിവ അനുവദിച്ചത് മൂലമാണ് അധികച്ചെലവുണ്ടായത്.

DSR പ്രകാരം 0.5 Mm ഷീറ്റ് മേയുന്നതിനുള്ള നിരക്ക് അംഗീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിക്ക് ആവശ്യമായ അളവ് ഷീറ്റ്, ലേബർ എന്നിവ തന്നെയാണ് 0.35 Mm ഷീറ്റ് പ്രവൃത്തിക്കും ഉപയോഗിക്കേണ്ടത്. ഷീറ്റിന്റെ വില മാത്രമെ വ്യത്യാസപ്പെടുന്നുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഉപയോഗിച്ച Observed Data യിൽ സാധനങ്ങൾ, ലേബർ എന്നിവ DSR നിരക്കിനെക്കാൾ വളരെ ഉയർന്ന നിരക്കിൽ നൽകിയാണ് നിരക്ക് കണക്കാക്കിയത്.

DSR ഇനം 12.50 മായി താരതമ്യം ചെയ്തതിൽ 0.35 MM ഷീറ്റ് പ്രവൃത്തിക്ക് അനുവദിക്കാവുന്ന നിരക്ക് താഴെ നൽകുന്നു. (ലഭ്യമാക്കിയ ഒബ്സർവ്ഡ് ഡാറ്റയിൽ അംഗീകരിച്ച ഷീറ്റ് വില തന്നെയാണ് പരിഗണിച്ചത്. മറ്റ് ഇനങ്ങൾ DSR Item 12.50 പ്രകാരമുള്ള നിരക്കുകളുമാണ് പരിഗണിച്ചത്)

| പ്രവൃത്തി ഇനം | അനുവദിച്ച നിരക്ക് | അനുവദിക്കാവുന്ന നിരക്ക് |
|---|---|---|
| Roofing With GI Hard Colour Powder Coated Trafford Sheets 0.35 Mm Thick Or Nearest Available Size Etc...<br>DSR 2016, Cost Index @37.25% , Tender Work | 618.43 | 485.88/ M2 |
| Roofing With GI Hard Colour Powder Coated Trafford Sheets 0.35 Mm Thick Or Nearest Available Size Etc... | 607.83/ M2 | 480.96/ M2 |

| | | |
|---|---|---|
| DSR 2016, Cost Index @31.06 %, Tender Work | | |

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 5/19-20 Dt 15.02.22 ) വിശദമായ മറുപടി പിന്നീട് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

2019-20 ൽ നടപ്പാക്കിയ വിവിധ പ്രവൃത്തികൾക്ക് തെറ്റായ Observed Data കണക്കാക്കിയതിനാൽ ഉണ്ടായ അധികച്ചെലവിന്റെ വിവരം ഉപഖണ്ഡികകളായി നൽകുന്നു.

## 1-16-1 കോഴിപ്പുറം അംഗൻവാടി പുനരുദ്ധാരണം. ( 220/20 )

Est No- 2018/84911

TS – 107337/2018-19 Dt 29.12.2018 (CI – 37.25%)

ഫണ്ട് - MG (NR)

കരാർ - 67/18-19 Dt.4.02.2019 ( Est Rate)

ഷീറ്റ് പ്രവൃത്തിക്ക് എസ്റ്റിമേറ്റിൽ അനുവദിച്ച നിരക്ക് - @ 618.43 (Est.item No 10)

| പ്രവൃത്തി | ഉപയോഗിച്ച ഷീററിന്റെ അളവ് | നൽകിയ തുക | നൽകാവുന്നത് | അധികം |
|---|---|---|---|---|
| Roofing With GI Hard Colour Powder Coated Trafford Sheets 0.35 Mm Thick Or Nearest Available Size Etc...<br>DSR 2016, Cost Index @37.25 % , Tender Work | 100.7 | 62275.90<br>@ 618.43/ $M^2$ | 48928.12<br>@485.88 | 13348 |

അധികമായി നൽകിയ തുക ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

## 1-16-2 കൈതക്കോട് അംഗൻവാടി പുനരുദ്ധാരണം. ( 220/20 )

Est No- 2018/84915

TS – 79640/2018-19 Dt 08.08.2018 (CI – 37.25%)

ഫണ്ട് - MG (NR)

കരാർ - 62/18-19 Dt.4.02.2019 ( 1% Below Est Rate)

ഷീറ്റ് പ്രവൃത്തിക്ക് എസ്റ്റിമേറ്റിൽ അനുവദിച്ച നിരക്ക് - @ 618.43 (Est.item No 3)

| പ്രവൃത്തി | ഉപയോഗിച്ച ഷീററിന്റെ അളവ് | നൽകിയ തുക | നൽകാവുന്നത് | അധികം |
|---|---|---|---|---|
| Roofing With GI Hard Colour Powder Coated Trafford Sheets 0.35 Mm Thick Or Nearest Available Size Etc...<br>DSR 2016, Cost Index @37.25 % , Tender Work | 54.983 | 34003.14<br>@ 618.43/ $M^2$ | 26715.14<br>@485.88 | 7215<br>(7288x99%=7215) |

അധികമായി നൽകിയ തുക ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

## 1-16-3 കാരക്കാട്ട്പറമ്പ അംഗൻവാടി പുനരുദ്ധാരണം. ( 193/20 )

Est No- 2018/84916

TS – 106790 /2018-19 Dt 26.12.2018 (CI – 37.25%)

ഫണ്ട് - MG (NR)

കരാർ - 60/18-19 Dt.4.02.2019 ( Est Rate)

ഷീറ്റ് പ്രവൃത്തിക്ക് എസ്റ്റിമേറ്റിൽ അനുവദിച്ച നിരക്ക് - @ 618.43 (Est.item No 14)

| പ്രവൃത്തി | ഉപയോഗിച്ച ഷീററിന്റെ അളവ് | നൽകിയ തുക | നൽകാവുന്നത് | അധികം |
|---|---|---|---|---|
| Roofing With GI Hard Colour Powder Coated Trafford Sheets 0.35 Mm | 107.1 | 66233.85<br>@ 618.43/ | 52037.75<br>@485.88 | 9334<br>(മൂല്യനിർണ്ണയത്തിൽ നിന്ന് |

| | | | | |
|---|---|---|---|---|
| Thick Or Nearest Available Size Etc... DSR 2016, Cost Index @37.25 % , Tender Work | | $M^2$ | | കുറവ് ചെയ്ത 4862 കുറവ് ചെയ്തു) |

അധികമായി നൽകിയ തുക ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

## 1-17 സബ്സിഡി മാർഗ്ഗരേഖ പാലിക്കാതെ കുടിവെള്ള പദ്ധതികൾ നടപ്പാക്കി

ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ പ്രകാരം [G.O.(MS)22/18 Dated 14-02-18] കുടിവെള്ള പദ്ധതികളുടെ സംരക്ഷണവും തുടർ നടത്തിപ്പും ഗുണഭോക്തൃ സമിതികൾ തന്നെ ഏറ്റെടുക്കേണ്ടതാണ് എന്നും അങ്ങനെ വ്യവസ്ഥചെയ്തതിന് ശേഷം കരാറിൽ ഏർപ്പെട്ട ശേഷമേ കുടിവെള്ള പ്രൊജക്ടുകളുടെ നിർവഹണം ഏറ്റെടുക്കാവൂ എന്നും മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതാണ്.

എന്നാൽ 2019-20 ൽ നടപ്പാക്കിയ ഏതാനും കുടിവെള്ള പദ്ധതികളിൽ സബ്സിഡി മാർഗ്ഗരേഖയിലെ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ഏറ്റെടുത്തത്. കുടിവെള്ള പദ്ധതികളുടെ ഗുണഭോക്തൃസമിതികളുടെ വിവരം , പ്രവൃത്തി പൂർത്തീകരിച്ചശേഷം കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ കമ്മിറ്റികളെ ഏല്പിച്ചതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയില്ല. പ്രവൃത്തികൾ പ്രവർത്തനക്ഷമമാണോ എന്നതിന്റെ വിവരവും ഓഡിറ്റിന് ലഭ്യമായില്ല.
മേൽ അപാകതകൾ പരാമർശിച്ചും , അനുബന്ധ രേഖകൾ ഹാജരാക്കാൻ നിർദ്ദേശിച്ചും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 10/21.02.2022 ) വ്യക്തമായ മറുപടി പിന്നീട് നൽകുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയത്.

വിശദ വിവരം താഴെ നൽകുന്നു

## 1-17-1 ചോലാട്ട്ക്കുഴി എസ്.സി കുടിവെള്ള പദ്ധതി ( 198/20)

ചെലവ് - 422837 (വൗച്ചർ നം 21900737/17.4.2019 )
ഗുണഭോക്തൃ സമിതിയുമായി പദ്ധതിയുടെ തുടർ നടത്തിപ്പ് സംബന്ധിച്ച് കരാർ ചമച്ചിട്ടില്ല. കുടിവെള്ള പദ്ധതി പുതുതായി ആരംഭിക്കുകയാണോ അതോ നിലവിൽ പ്രവർത്തിക്കുന്നതിന്റെ പുരോഗമന പ്രവൃത്തിയോ എന്നത് സംബന്ധിച്ച് യാതൊരു വിവരവും ഫയലിൽ ലഭ്യമല്ല. പ്രവൃത്തിയുടെ ഗുണഭോക്തൃ സമിതി സംബന്ധിച്ച് യാതൊരു വിവരവും ഫയലിൽ ഇല്ല. പ്രവൃത്തി പൂർത്തീകരിച്ചശേഷം ഗുണഭോക്തൃ സമിതിക്ക് തുടർ നടത്തിപ്പിന് കൈമാറിയതായും കാണുന്നില്ല. പ്രവൃത്തി നിലവിൽ പ്രവർത്തനക്ഷമമാണോ എന്ന വിവരവും ലഭ്യമല്ല.
പ്രവൃത്തിയുമായി ബന്ധപ്പെട്ട മേൽ പരാമർശിച്ച രേഖകൾ , പദ്ധതിയുടെ നിലവിലെ അവസ്ഥ എന്നിവ ഓഡിറ്റ് റിപ്പോർട്ടിന്റെ ആദ്യ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.
മേൽ പരാമർശിച്ച രേഖകൾ ലഭ്യമാക്കുന്നത്വരെ ചെലവ് തടസ്സം ചെയ്യുന്നു

## 1-17-2 ചോലമാട് ഒറുവിൽ എസ്.സി കുടിവെള്ള പദ്ധതി ( 229/20)

ചെലവ് - 289452 (വൗച്ചർ നം 21901103/11.12.2019 )
ഗുണഭോക്തൃ സമിതിയുമായി പദ്ധതിയുടെ തുടർ നടത്തിപ്പ് സംബന്ധിച്ച് കരാർ ചമച്ചിട്ടില്ല. കുടിവെള്ള പദ്ധതി പുതുതായി ആരംഭിക്കുകയാണോ അതോ നിലവിൽ പ്രവർത്തിക്കുന്നതിന്റെ പുരോഗമന പ്രവൃത്തിയോ എന്നത് സംബന്ധിച്ച് യാതൊരു വിവരവും ഫയലിൽ ലഭ്യമല്ല. പ്രവൃത്തിയുടെ ഗുണഭോക്തൃ സമിതി സംബന്ധിച്ച് യാതൊരു വിവരവും ഫയലിൽ ഇല്ല. പ്രവൃത്തി പൂർത്തീകരിച്ചശേഷം ഗുണഭോക്തൃ സമിതിക്ക് തുടർ നടത്തിപ്പിന് കൈമാറിയതായും കാണുന്നില്ല. പ്രവൃത്തി നിലവിൽ പ്രവർത്തനക്ഷമമാണോ എന്ന വിവരവും ലഭ്യമല്ല.
പ്രവൃത്തിയുമായി ബന്ധപ്പെട്ട മേൽ പരാമർശിച്ച രേഖകൾ , പദ്ധതിയുടെ നിലവിലെ അവസ്ഥ എന്നിവ ഓഡിറ്റ് റിപ്പോർട്ടിന്റെ ആദ്യ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.
മേൽ പരാമർശിച്ച രേഖകൾ ലഭ്യമാക്കുന്നത്വരെ ചെലവ് തടസ്സം ചെയ്യുന്നു

## 1-17-3 നെടുംകളരി കുടിവെള്ള പദ്ധതി ( 197/20)

ചെലവ് - 371948 (വൗച്ചർ നം 21901117/31.12.2019 )
ഗുണഭോക്തൃ സമിതിയുമായി പദ്ധതിയുടെ തുടർ നടത്തിപ്പ് സംബന്ധിച്ച് കരാർ ചമച്ചിട്ടില്ല. കുടിവെള്ള പദ്ധതി പുതുതായി ആരംഭിക്കുകയാണോ അതോ നിലവിൽ പ്രവർത്തിക്കുന്നതിന്റെ പുരോഗമന പ്രവൃത്തിയോ എന്നത് സംബന്ധിച്ച് യാതൊരു വിവരവും ഫയലിൽ ലഭ്യമല്ല. പ്രവൃത്തിയുടെ ഗുണഭോക്തൃ സമിതി സംബന്ധിച്ച് യാതൊരു വിവരവും ഫയലിൽ ഇല്ല. പ്രവൃത്തി പൂർത്തീകരിച്ചശേഷം ഗുണഭോക്തൃ സമിതിക്ക് തുടർ നടത്തിപ്പിന് കൈമാറിയതായും കാണുന്നില്ല. പ്രവൃത്തി നിലവിൽ പ്രവർത്തനക്ഷമമാണോ എന്ന വിവരവും ലഭ്യമല്ല.
പ്രവൃത്തിയുമായി ബന്ധപ്പെട്ട മേൽ പരാമർശിച്ച രേഖകൾ , പദ്ധതിയുടെ നിലവിലെ അവസ്ഥ എന്നിവ ഓഡിറ്റ് റിപ്പോർട്ടിന്റെ ആദ്യ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.
മേൽ പരാമർശിച്ച രേഖകൾ ലഭ്യമാക്കുന്നത്വരെ ചെലവ് തടസ്സം ചെയ്യുന്നു

## 1-17-4 കാപപറമ്പ് എസ്.സി കുടിവെള്ള പദ്ധതി ( 216/20)

ചെലവ് – 209074 (വൗച്ചർ നം 21900347/06.08.2019 )

ഗുണഭോക്തൃ സമിതിയുമായി പദ്ധതിയുടെ തുടർ നടത്തിപ്പ് സംബന്ധിച്ച് കരാർ ചമച്ചിട്ടില്ല. കുടിവെള്ള പദ്ധതി പുതുതായി ആരംഭിക്കുകയാണോ അതോ നിലവിൽ പ്രവർത്തിക്കുന്നതിന്റെ പുരോഗമന പ്രവൃത്തിയോ എന്നത് സംബന്ധിച്ച് യാതൊരു വിവരവും ഫയലിൽ ലഭ്യമല്ല. പ്രവൃത്തിയുടെ ഗുണഭോക്തൃ സമിതി സംബന്ധിച്ച് യാതൊരു വിവരവും ഫയലിൽ ഇല്ല. പ്രവൃത്തി പൂർത്തീകരിച്ചശേഷം ഗുണഭോക്തൃ സമിതിക്ക് തുടർ നടത്തിപ്പിന് കൈമാറിയതായും കാണുന്നില്ല. പ്രവൃത്തി നിലവിൽ പ്രവർത്തനക്ഷമമാണോ എന്ന വിവരവും ലഭ്യമല്ല.

പ്രവൃത്തിയുമായി ബന്ധപ്പെട്ട മേൽ പരാമർശിച്ച രേഖകൾ , പദ്ധതിയുടെ നിലവിലെ അവസ്ഥ എന്നിവ ഓഡിറ്റ് റിപ്പോർട്ടിന്റെ ആദ്യ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

മേൽ പരാമർശിച്ച രേഖകൾ ലഭ്യമാക്കുന്നത്വരെ ചെലവ് തടസ്സം ചെയ്യുന്നു

## 1-18 ഇ. ടെണ്ടർ - ടെണ്ടർ ഫീപഞ്ചായത്തിൽ അടച്ചില്ല

2019-20 വർഷത്തിൽ പഞ്ചായത്തിൽ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഇത് മലപ്പുറം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ആണ് ഉള്ളത് എന്നും തുക ലഭിക്കുന്നതിന് തുടർ നടപടി സ്വീകരിക്കുന്നതാണ് എന്നും ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് വാക്കാൽ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ( 2/19-20 Dt 13.02.2022)

ഇ ടെണ്ടറിൽ ടെണ്ടർ ഫീ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നത് ഒഴിവാക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകി 02.10.2017 ലെ GO(Rt) 3186/2017/ LSGD നമ്പർ പ്രകാരം സർക്കാർ ഉത്തരവ് ഉണ്ടായിട്ടും ഇത്തരത്തിൽ അക്കൗണ്ട് ആരംഭിച്ച് ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കാത്തതാണ് പഞ്ചായത്തിന്റെ തനത് വരുമാനമായി ലഭിക്കേണ്ട പണം നാളിതുവരെ ലഭിക്കാത്തതിന് കാരണം .

സർക്കാർ ഉത്തരവ് പ്രകാരം തുടർ നടപടി സ്വീകരിച്ച് ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് ക്രമീകരണം ചെയ്യേണ്ടതും നാളിതുവരെ ഈ ഇനത്തിൽ ലഭിക്കാനുള്ള തുക കണക്കാക്കി അത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൗണ്ടിൽ നിന്ന് തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2019-20 | 07-02-2022 മുതൽ 23-02-2022 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 200000 | 16/20 ഐ ഇ ഡിസി സ്കോളർഷിപ്പ് | 200000 | 0 |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 700000 | 16/20 ഐ ഇ ഡിസി സ്കോളർഷിപ്പ് | 700000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,ചെക്ക് നമ്പർ, ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | ചെല വഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴി ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | 171/21 സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 21901148 Dtd 07.01.20 | 334870 | 334870 | പ്രവൃത്തി പൂർത്തീകരിച്ചു. യു സി ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | 0 |
| GWD | 199/20 വിവിധസ്ഥലങ്ങളിൽ കുഴൽകിണർ നിർമാണം | 41900197 Dtd 17.09.20 | 84908 | 84908 | പ്രവൃത്തി പൂർത്തീകരിച്ചു. യു സി ലഭ്യമാകുന്നതിനുള്ള നടപടിൾ സ്വീകരിച്ചു വരുന്നു. | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ (കൈ) 68/2018 തിയതി 18.05.2018 | 980000 | 6143262 | 767968 | 0 | 6355294 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തില് ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,99,60,841 |
| തൻവർഷം നിക്ഷേപിച്ച തുക | 1,6,01,550 |
| ആകെ | 21562391 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 21562391 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം (ബാങ്ക്) | തുക | തിയതി | രശീതി നം തിയതി. |
|---|---|---|---|
| പള്ളിക്കൽ സർവീസ് സഹകരണ ബാങ്ക് | 21562391 | 08-06-2019 | 002014001091O തിയതി 08-06-2019 |
| | 21562391 | | |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2004-05 | 2(2) | 300 | എൻ എൻ മുഹമ്മദ് കാസിം | 119040400001 തിയതി |

| | | | | |
|---|---|---|---|---|
| | | | | 25/04/2019 |

ഈയിനത്തിൽ തൻവർഷം ലഭിച്ച 13179/-രൂപയിൽ അവശേഷിക്കുന്ന തുക എ ജി ഓഡിറ്റ് റിപ്പോർട്ടിന്റെ ഭാഗമായി അടവാക്കിയതാണ്.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97 | 30 (1) | 2003-04 | 3-10-13 | മറ്റ് പരാമർശങ്ങൾ | നടപടി തുടരുന്നു |
| 1998-99 | 38 (5), 45, 53 | 2003-04 | - | മറ്റ് പരാമർശങ്ങൾ | നടപടി തുടരുന്നു |
| 1999-2000 | 40, 43 | 2003-04 | - | മറ്റ് പരാമർശങ്ങൾ | നടപടി തുടരുന്നു |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക.

ഇല്ല.

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | കോടതി വ്യവഹാരങ്ങളില് | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2010-11 | 3-4, 3-11 | ശ്രീ. സി.കെ. മോഹന്ദാസ് | LF.17737/ Spl.Cell/CSC /D1/13 Dt.15.12.2016 | 57,18,895 | അടവാക്കിയിട്ടില്ല | ഇല്ല | ഇല്ല | 0 | 0 | 0 | 5718895 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 79610794 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 72397221 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1472763 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 150000 | ശ്രീമതി ജയശ്രീ. പി.കെ., ഐസിഡിഎസ് സൂപ്പർവൈസർ |
| 1-15 | 29452 | ശ്രീ മുഹമ്മദ് ഫൈസൽ എം, സെക്രട്ടറി ഇന് ചാർജ് |
| 1-17-1 | 422837 | ശ്രീമതി ലെയ അശോക്, അസി. എഞ്ചിനിയർ |
| 1-17-2 | 289452 | ശ്രീമതി ലെയ അശോക്, അസി. എഞ്ചിനിയർ |
| 1-17-3 | 371948 | ശ്രീമതി ലെയ അശോക്, അസി. എഞ്ചിനിയർ |
| 1-17-4 | 209074 | ശ്രീമതി ലെയ അശോക്, അസി. എഞ്ചിനിയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1981-82 | എൽ.എഫ്.എം07/1764/03 തിയ്യതി 17.11.2003 | 02 |
| 2 | 1985-86 | എൽ.എഫ്.എം09/1878/03 തിയ്യതി 30.07.2004 | 6 |
| 3 | 1991-92 92-93 | എൽ.എഫ്.എം07/1780/94 തിയ്യതി 30.07.1994 | 9 |
| 4 | 1993-94 | എൽ.എഫ്.എം07/1773/03 തിയ്യതി 18.11.2003 | 14 |
| 5 | 1996-97 | എൽ.എഫ്.എം07/659/01 തിയ്യതി 06.07.2005 | 15 |
| 6 | 1997-98 | എൽ.എഫ്.എം12/1466/01 തിയ്യതി 18.11.2003 | 31 |
| 7 | 1998-99 | എൽ.എഫ്.എം07/1467/01 തിയ്യതി 18.02.2005 | 31 |
| 8 | 1999-00 | എൽ.എഫ്.എം07/1766/03 തിയ്യതി 18.01.2003 | 18 |
| 9 | 2000-01 | എൽ.എഫ്.എം07/1878/05 തിയ്യതി 29.09.2006 | 20 |
| 10 | 2001-02 | എൽ.എഫ്.എം14/744/06 തിയ്യതി 26.09.2006 | 15 |
| 11 | 2002-03 | എൽ.എഫ്.എം14/567/08 തിയ്യതി 18.12.2008 | 05 |
| 12 | 2003-04 | എൽ.എഫ്.എം14/568/08 തിയ്യതി 18.12.2008 | 13 |
| 13 | 2004-05 | എൽ.എഫ്.എം14/1789/08 തിയ്യതി 04.03.2009 | 02 |

| | | | |
|---|---|---|---|
| 14 | 2005-06 | എൽ.എഫ്.എം14/1777/08 തീയ്യതി 14.03.2009 | 03 |
| 15 | 2006-07 | എൽ.എഫ്.എം14/1652/09 തീയ്യതി 09.06.2010 | 9 |
| 16 | 2007-08 | എൽ.എഫ്.എം06/807/12 തീയ്യതി 06.06.2012 | 12 |
| 17 | 2008-09 | എൽ.എഫ്.എം06/808/12 തീയ്യതി 06.06.2012 | 9 |
| 18 | 2009-10 | എൽ.എഫ്.എം06/809/12 തീയ്യതി 06.06.2012 | 4 |
| 19 | 2010-11 | എൽ.എഫ്.എം06/791/13 തീയ്യതി 12.06.2013 | 5 |
| 20 | 2011-12 & 2012-13 | എൽ.എഫ്.എം06/1613/14 തീയ്യതി 08.10.14 | 16 |
| 21 | 2013-14, & 2014-15 | കെ.എസ്.എ.എം.പി.എം06/1897/15 തീയ്യതി 10.03.2016 | 14 |
| 22 | 2015-16 | കെ.എസ്.എ.എം.പി.എം26/2455/2016 തീയ്യതി 28.10.2016 | 15 |
| 23 | 2016-17 | കെ.എസ്.എ.എം.പി.എം26/2286/17 തീയ്യതി 14.11.17 | 18 |
| 24 | 2017-18 | കെ.എസ്.എ.എം.പി.എം.26/2597/2018 തീയ്യതി 21-03-2019 | 23 |
| 25 | 2018-19 | കെ.എസ്.എ.എം.പി.എം.26/71/20 തീയ്യതി 05-06-20 | 11 |

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

എം.എ.5/2022

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്